LIBRARY ARCHIVES Kerala Legislative Assembly

തൃകാർ മറിച്ചു വിറ്റ എന്നും നെല്ലെടുപ്പിലും പഞ്ചസാര വിതരണത്തിലും ആ ഉദ്യോഗസ്ഥൻ അഴിമതികൾ കാണിക്കുന്നുവെന്നും മറ്റും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അന്വേഷണം നടത്തിയോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) അന്വേഷണം നടത്തിവരുന്നു.

വർത്തമാന പത്രങ്ങൾക്ക് ആനുകൂല്യങ്ങൾ

*൧൦൩൫. (൨൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) ഈ സംസ്ഥാനത്തിലെ വർത്തമാന പത്രങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സാധാരണ കൊടുത്തുവരുന്നത്;

(ബി) ഏതെങ്കിലും പത്രങ്ങൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നിരോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഗവൺമെണ്ടു് പ്രസിദ്ധീകരണങ്ങൾ സൌജന്യമായി നല്കുക, പത്ര പ്രതിനിധികളുടെ മറിയൽ പ്രവേശനം നല്കുക, ഗവൺമെണ്ടു് അടിയന്തിരങ്ങൾക്ക് ക്ഷണം ലഭിക്കുക എന്നിവയാണ് പത്രക്കാർ അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങൾ.

(ബി) ഉണ്ടു്.

(സി) മലബാർ മെയിൽ പത്രത്തിനു് പരസ്യം സംബന്ധിച്ചു് ആ പത്രം കാണിച്ചിട്ടുള്ള ചില ക്രമക്കേടുകളെ ആസ്പദമാക്കി മേൽപറഞ്ഞ ആനുകൂല്യങ്ങൾ നിരോധിച്ചിട്ടുണ്ടായിരുന്നു. ആ നിരോധനം ഇപ്പോൾ പിൻവലിച്ചിട്ടുണ്ടു്.

സംയോജനത്തിനുശേഷം ഇല്ലായ്മ ചെയ്തിട്ടുള്ള ഉദ്യോഗങ്ങൾ

*൧൦൩൬. (൨൫) ശ്രീ. എം. ആർ. വേലപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) സംയോജനത്തിനുശേഷം ൧൯൪൯ ആഗസ്റ്റ് ൩൧-ാംതീയതിവരെ എത്ര ഉദ്യോഗങ്ങൾ ഇല്ലായ്മ ചെയ്തിട്ടുണ്ടു്;

(ബി) അതുകൊണ്ടു് ചിലവിൽ കുറവുവന്നിട്ടുള്ള സംഖ്യ എത്ര?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ ബി) ഉദ്ദേശം ൪൦൦ ഉദ്യോഗങ്ങൾ ഇല്ലായ്മ ചെയ്തിട്ടുണ്ടു്. പക്ഷേ പിരിച്ചുവിട്ടിട്ടുള്ളവരിൽ അധികംപേരെയും വേറെ ഉദ്യോഗങ്ങളിൽ നിയമിച്ചിട്ടുണ്ടു്. കൂടുതൽ വിവരം സംകലനം ചെയ്യുന്നതിനു് ദീർഘമായ അന്വേഷണം വേണ്ടിവരും.

കൈക്കുലിക്കുറ്റത്തിനു പിരിച്ചുവിട്ട ഉദ്യോഗസ്ഥന്മാർ

*൧൦൩൭. (൨൬) ശ്രീ. എം. ആർ. വേലപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) ൨൩-൧-൧൯ ൦-ന ശേഷം ൩൦-൭-൧൯ @ ൦ വരെ എത്ര ഉദ്യോഗസ്ഥന്മാരെ കൈക്കൂലിക്കുറ്റത്തിന് പിരിച്ചുവിട്ടു;

(ബി) ടി കുറ്റത്തിന് സസ്പെൻഡ് ചെയ്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൨൫.

(ബി) @ ൫.

PLACES OF WORSHIP

*1064. [97] **Sri. T. P. Sitaraman:** Will the Hon'ble Chief Minister be pleased to state:—

(*a*) how many places of worship have been looted or set fire to since the Sabarimala incident;

(*b*) what are they;

(*c*) what steps the Government have taken in order to put a stop to this?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) and (*b*) There was no looting of any place of worship; but thefts were committed in 13 places of worship. One temple was set fire to but the whole building of the temple was not burnt.

(*c*) Cases have been registered in all the ab ove incidents and enquiries conducted;

POLICE EXCESSES

*1065. [107] **Sri. K. R. Elenkath:** Will the Hon'ble Chief Minister be pleased to state the result of his enquiries regarding police excesses in the Kottarakkara lock-up and the Moovattupuzha lock-up recently?

Chief Minister **(Sri. T. K. Narayana Pillai):** The alleged Police excesses in the Kottarakkara lock-up was under enquiry. There was no excess reported in Moovattupuzha lock-up.

Questions Posted for Answer on 23—10—1950

വെറിനറി ഡയറക്ടർ

*൧൦൩൩. (൨) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംയോജനകാലത്തു തിരുവിതാംകൂറിലെ വെറിനറി ഡയറക്ടർ ആരായിരുന്നു;

(ബി) ആ ഉദ്യോഗസ്ഥൻ ഇപ്പോൾ എന്തു ചെയ്യുന്നു;

(സി) ഇപ്പോഴത്തെ വെറിനറി ഡയറക്ടർ ആരാണ്;

(ഡി) പരീക്ഷായോഗ്യതകൊണ്ടും, സീനിയോറിട്ടികൊണ്ടും ഡയറക്ടർ ആയിരിക്കാൻ ഇവരിൽ കൂടുതൽ യോഗ്യത ആർക്കാണ്;

(ഇ) ഇപ്പോഴത്തെ ഡയറക്ടർക്കു ബാങ്ക് ടീരിയാളജിയിൽ അഡ്വാൻസ് ടെയിനിംഗ് ഉണ്ടെന്നു ഗവൺമെണ്ടിനെ ധരിപ്പിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അദ്ദേഹത്തിന് അതിനു സർട്ടിഫിക്കേറ്റോ മറ്റോ തെങ്കിലും രേഖയോ ഉണ്ടോ;

(ജി) വെറിനറി ഡിപ്പാർട്ടുമെണ്ടിൽ ഉള്ളവരിൽ ഏറ്റവും കൂടുതൽ പരീക്ഷായോഗ്യതയുള്ള ഉദ്യോഗസ്ഥൻ ആരാണ്?

LIBRARY ARCHIVES Kerala Legislative Assembly